LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് പോസ്റ്റുകളിലെ നികുതി

224 (564) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തേക്കാൾ എത്ര ശതമാനം നികുതി വർദ്ധനവാണ് ചെക്ക്പോസ്റ്റുകളിൽ ഉണ്ടായതെന്ന് വ്യക്തമാക്കുമോ ;

(ബി) ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് ചെക്ക്പോസ്റ്റുകളിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നിയമപ്രകാരമുള്ള രേഖകളില്ലാതെയോ ഉള്ള രേഖകളിലുള്ള പോരായ്മകളോ കാരണം നികുതി വെട്ടിപ്പ് സംശയിച്ച് അന്വേഷണത്തിന് മുന്നോടിയായി സെക്യൂരിറ്റി ഡെപ്പോസിറ്റ് സ്വീകരിക്കാറുണ്ട്. ഇതിനുപുറമെ നിശ്ചയിക്കപ്പെട്ട ചരക്കുകളിൽ രജിസ്റ്റേഡ് വ്യാപാരികളിൽനിന്നും മുൻകൂർ നികുതിയും സ്വീകരിക്കാറുണ്ട്. ഇത് അവർ പിന്നീട് അടയ്ക്കേണ്ട നികുതി കണക്കാക്കുന്ന അവസരത്തിൽ തട്ടിക്കിഴിക്കുകയാണ് ചെയ്യുന്നത്. 30-10-2014 വരെ ചെക്ക്പോസ്റ്റുകളിൽ നിന്നും ഇത്തരം പിരിവിൽ 10% വർദ്ധനയുണ്ടായിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പ്രധാനപ്പെട്ട എ ക്ലാസ്, ബി-ക്ലാസ് ചെക്ക്പോസ്റ്റുകൾ എല്ലാം കമ്പ്യൂട്ടർവത്ക്കരിച്ച് സംസ്ഥാനത്തിനകത്തേയ്ക്കും പുറത്തേയ്ക്കും പോകുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാകുന്ന സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ചരക്കുകളുടെ തത്സമയ സഞ്ചാരപഥംപിൻ/പിൻ ഡീലർമാരുടെ മൊബൈൽ ഫോണിൽ അലർട്ട് മെസ്സേജ് എസ്.എം.എസ്. ആയി ലഭിക്കുന്ന വിധത്തിലുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഇ-ഡിക്ലറേഷൻ, ഇ-പേയ്മെന്റ് സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വാളയാർ, ഗോവിന്ദപുരം, ഗോപാലപുരം, മീനാക്ഷിപുരം, നടുപ്പുണി, കുട്ടുപ്പുഴ, ബംഗ്ര- മഞ്ചേശ്വരം എന്നീ ചെക്ക്പോസ്റ്റുകളിൽ ബി.ഒ.ഒ. അടിസ്ഥാനത്തിൽ

വേയ്ബ്രിഡ്ജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതുകൂടാതെ 300 കി.ഗ്രാം വരെ തൂക്കാൻ കഴിയുന്ന പ്ലാറ്റ്ഫോം ബാലൻസുകൾ സംസ്ഥാനത്തെ എല്ലാ ചെക്ക്പോസ്റ്റുകളിലും സ്ഥാപിച്ചിട്ടുണ്ട്. വാളയാർ ചെക്ക്പോസ്റ്റിലും പരിസരത്തും സി.സി.റ്റി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രധാന ചെക്ക്പോസ്റ്റുകളിൽ 24 മണിക്കൂറും ഇന്റലിജൻസ് സ്ക്വാഡിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ 31-10-2014 വരെ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട 31918 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേന്ദ്ര മൂല്യ വർദ്ധിത നിയമം

225 (565) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ കൊണ്ടുവരുന്ന കോൺട്രാക്ടർമാരെ കേന്ദ്ര മൂല്യ വർദ്ധിത നിയമം 6 (2) പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ, ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്താമോ, ഇത് വഴി എത്ര തുകയുടെ വരുമാന നഷ്ടം ഉണ്ടാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ, വിശദമാക്കാമോ ?

ഉത്തരം

കേന്ദ്ര വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷനുള്ള കരാറുകാരുടെ 2013-14 ലെ കോമ്പൗണ്ടിംഗ് നികുതിനിരക്ക് പുറമേനിന്നു കൊണ്ടുവരുന്ന സാധനങ്ങൾക്ക്, വാങ്ങൽ വിലയിൽ ഷെഡ്യൂൾ നിരക്കും മൊത്തം കരാർ തുകയിൽ നിന്നും ഈ വാങ്ങൽ വില തട്ടിക്കഴിച്ച് ബാക്കി തുകയ്ക്ക് 3% നികുതിയുമായിരുന്നു.

കരാർപണിക്കാരുടെ 2013-14-ൽ നിലവിലുണ്ടായിരുന്ന കോമ്പൗണ്ടഡ് നികുതി ഘടനയിൽ നികുതി ചോർച്ചയുള്ള പഴുതുള്ളതായി ശ്രദ്ധയിൽപ്പെട്ട തിനെത്തുടർന്ന് കേരള ധനകാര്യ നിയമം 2014-ൽ ഭേദഗതി വരുത്തുകയുണ്ടായി. ഇതനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്നും സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നവരോ കേന്ദ്ര വിൽപ്പന നികുതി നിയമത്തിൻ കീഴിൽ രജിസ്ട്രേഷനുള്ളവരോ സംസ്ഥാനത്ത് ചരക്കുകൾ കൊണ്ടുവരുമ്പോൾ മൊത്തം കരാർതുകയുടെ

LIBRARY ARCHIVES Kerala Legislative Assembly